(Pages : 4) **M – 4443**

BISHOP MOORE COLLEGE LIBRARY
MAVELIKARA
PIN 690110
KERALA

Reg. No. : ..............................

Name : ..................................

**Fourth Semester B.A. Degree Examination, February 2022**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Complementary Course**

**ML 1431.1 : ദളിതെഴുത്ത്, പെണ്ണെഴുത്ത് : സിദ്ധാന്തവും ആവിഷ്കാരവും**

**(2019 Admission)**

**Special Examination**

Time : 3 Hours

Max. Marks : 80

I. **ഒരു** വാക്കിലോ **രണ്ടു** വാക്യത്തിലോ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

1. പൊയ്കയിൽ അപ്പച്ചൻ രൂപീകരിച്ച സംഘടന ഏതാണ്?

2. അന്തർജ്ജനങ്ങളുടെ വിവാഹത്തിനു പറയുന്ന ആചാരഭാഷ എന്ത്?

3. 'ചോരപ്പരിശം' എന്ന നോവൽ എഴുതിയതാര്?

4. ദലിത് സാഹിത്യത്തെ കവിയൂർ മുരളി നിർവ്വചിക്കുന്നതെങ്ങനെ?

5. എരിയും ശിഷ്യഗണങ്ങളും സ്വയം വിശേഷിപ്പിച്ച പേരെന്ത്?

6. കൂടല്ലൂർ ഗുരുകുലത്തിന്റെ സവിശേഷത എന്ത്?

7. പറയാനർ പുരത്തെ സോക്രട്ടീസായി അറിയപ്പെട്ടതാര്?

P.T.O.

8. ലിംഗനീതി മുൻനിർത്തി എഴുതപ്പെട്ട ആദ്യ ഇന്ത്യൻ പുസ്തകം ഏത്?

9. ജാതിക്കുമ്മി എന്ന കാവ്യം രചിച്ചതാര്?

10. പെണ്ണെഴുത്ത് എന്ന വാക്ക് മലയാളത്തിൽ ആദ്യമായി ഉപയോഗിച്ചതാര്? എപ്പോൾ?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ഇല്ലങ്ങളിൽ പെൺകുട്ടികളുടെ ജനനം ശുഭസൂചകമല്ല എന്നു പറയുന്നത് എന്തുകൊണ്ട്?

12. 'എരിയുടെ വാക്കുകൾ പന്തത്തിന്റെ വെളിച്ചത്തെ കവിഞ്ഞ് ഇരുട്ടിലേക്കു കടന്നു ചെന്നു' - സന്ദർഭമെഴുതുക.

13. 'മറന്നാലും നിന്നെ മറക്കുകില്ല ഞാൻ' എന്നു കവി തീർച്ചപ്പെടുത്തുന്നതെന്തുകൊണ്ട്?

14. പാരിസ്ഥിതിക സ്ത്രീവാദത്തെ നിർവ്വചിക്കുക.

15. പുതപ്പു തിന്നുന്ന ആടിൽ നിന്നും പുസ്തകം തിന്നുന്ന ആടിലേക്കെത്തുന്ന സ്ത്രീയുടെ പരിണാമത്തെ അടയാളപ്പെടുത്തിയതെങ്ങനെ?

16. "താൻതന്ന തലയിക്കെട്ടല്ലെടാ പാലുവം കോയി
തന്നെ ഞാൻ കാണുമ്പം ഊരാനെക്കൊണ്ട്" - സന്ദർഭമെഴുതുക.

17. 'ഞങ്ങളെക്കൊണ്ടാവുന്നത്ര ഞങ്ങൾ ശ്രമിക്കും' - സൂചിതമെന്ത്?

18. 'ഒരു വീട്ടുപകരണമാണു ഞാൻ
അടുക്കളയിലെ തേഞ്ഞു തീരുന്ന
ഒരു വീട്ടുപകരണം' - ആശയമെഴുതുക.

19. 'അവൻ വെറും പറയനല്ല. പറയുന്നവനാണ്. ചെയ്യുന്നവനും' - സന്ദർഭവും ആശയവും വ്യക്തമാക്കുക.

20. ആര്യാപള്ളത്തിന്റെ വ്യക്തിത്വത്തെ 'നഷ്ടബോധങ്ങളില്ലാതെ' എന്ന ആത്മകഥയിൽ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ?

21. 'എട്ടാം പക്കം ഇട്ണാൻ ഇടിവെട്ടേറ്റു മരിച്ചു. - സന്ദർഭമെഴുതുക.

22. രോഗം സ്ത്രീക്ക് അനുഗ്രഹമാണെന്ന് 'കെട്ടിയിട്ട കോലാടിൽ' ചിന്തിക്കുന്നതെന്തുകൊണ്ട്?

23. 'അവൾ അവന്റെ കൈവിട്ടു. തലതാഴ്ത്തി പുറത്തേക്കു പോന്നു.' ഇങ്ങനെ പോകാൻ കാരണമെന്ത്?

24. "കുട്ടിയുടെ പേര് അനിതയെ സ്തബ്ധയാക്കി." പേരെന്ത്? എന്തുകൊണ്ട്?

25. "അതിനാൽ എന്റെ കൽപനകളോട്
അവർ പ്രതികരിക്കാറില്ല." - എന്തുകൊണ്ട്?

26. "എല്ലാ വിളക്കുമണഞ്ഞാലീപ്പാതിര
എങ്ങനെയാവുമീ നാട്ടിൽ" - സാംഗത്യമെന്ത്?

**(8 × 2 = 16 Marks)**

III. **ഒന്നരപ്പുറത്തിൽ** കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

27. കുറിയേടത്തു താത്രിയുടെ ചരിത്രം 'നഷ്ടബോധങ്ങളില്ലാതെ' എന്ന ആത്മകഥയിൽ പ്രതിപാദിക്കുന്നതെങ്ങനെ?

28. ദലിത് സാഹിത്യത്തിന്റെ ചരിത്രത്തെ സാമാന്യമായി പരിചയപ്പെടുത്തുക.

29. എരിയുടെ പിറവിയെക്കുറിച്ച് വെള്ളത്താടൻ രാമൻ പറഞ്ഞ കഥയെന്താണെന്നു വിവരിക്കുക.

30. സ്ത്രീവാദ പ്രസ്ഥാനങ്ങളുടെ ചരിത്രം വിഭജിക്കപ്പെടുന്നതെങ്ങനെയെന്നു വിശദമാക്കുക.

31. 'നിരവത്തു കല്യാണി' എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

32. 'ഏകാകിയായ സ്ത്രീയുടെ കാമനകളാണ് നിർമ്മലയുടെ ദുഃഖത്തെ തീവ്രമാക്കുന്നത്.' പരിശോധിക്കുക.

33. പാലുവം പെണ്ണിന്റെ ഒളിച്ചോട്ടവും പുനഃസമാഗമവും വിവരിക്കുക.

34. വിഗ്രഹവൽക്കരണമാണ് സ്ത്രീയുടെ സ്വാതന്ത്ര്യത്തിന് തടസ്സമാകുന്നത് - 'പ്രതിഷ്ഠ' എന്ന കവിതയെ മുൻനിർത്തി ചർച്ച ചെയ്യുക.

35. 'ഇത്തവണ രാധ' എന്ന കഥയുടെ വിവരണകല നൽകുന്ന അനുഭവമെന്താണ്?

36. അമ്മ ഒരു കാൽപ്പനിക കവിതയല്ല എന്ന കവിതയുടെ ആശയത്തെ വിമർശന ബുദ്ധിയോടെ അപഗ്രഥിക്കുക.

37. വംശത്തെക്കുറിച്ചുള്ള അഗാധചിന്തകളാണ് പൊയ്കയിൽ അപ്പച്ചന്റെ കവിത - വിലയിരുത്തുക.

38. 'കറുത്ത കല്ലി'ന്റെ പൊരുൾ ചർച്ച ചെയ്യുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39. ദലിത് സാഹിത്യദർശനം പാഠഭാഗത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

40. ചരിത്രം രേഖപ്പെടുത്താതെ പോയ മനുഷ്യരുടെ സാഹസിക വൃത്തികളാണ് കേരളീയ നവോത്ഥാനത്തെ ബലിഷ്ഠമാക്കിയത് - എരിയെ മുൻനിർത്തി പരിശോധിക്കുക.

41. സ്ത്രീവാദ ചിന്തകളുടെ ചരിത്രം താത്ത്വികമായി വിലയിരുത്തുക.

42. നമ്പൂതിരി സമുദായപരിഷ്ക്കരണം ഏതെല്ലാം തലങ്ങളിലൂടെയാണ് സാധ്യമാക്കിയത്? നഷ്ടബോധങ്ങളില്ലാതെ എന്ന ആത്മകഥയെ മുൻനിർത്തി പരിശോധിക്കുക.

43. കഥാഗാനങ്ങളുടെ സവിശേഷതകൾ പാലുവം പെണ്ണിനെ തേടി എന്ന പാഠഭാഗത്തെ ആധാരമാക്കി ചർച്ച ചെയ്യുക.

44. ഉത്തരാധുനിക സാഹിത്യം പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യരുടെ ജീവിതാനുഭവങ്ങളാണ് ആഖ്യാനം ചെയ്യുന്നത് - പാഠഭാഗത്തെ മുൻനിർത്തി വിലയിരുത്തുക.

**(2 × 15 = 30 Marks)**

---